(എഫ്) & (ജി) ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ ഘട്ടംഘട്ടമായിട്ടാണ് കൂടുതൽ യൂണിറ്റുകളിൽ നടപ്പിലാക്കുന്നത്. ജീവനക്കാരുടെ ട്രെയിനിംഗ് പൂർത്തിയായാൽ വാങ്ങിയ മുഴുവൻ ടിക്കറ്റിംഗ് മെഷീനുകളും ഉടനെ തന്നെ ഉപയോഗത്തിൽ കൊണ്ടുവരുന്നതാണ്. ആയതിനാൽ ഈ ഇനത്തിൽ കോർപ്പറേഷന് സാമ്പത്തിക നഷ്ടമില്ല.

തിരുനെല്ലിയിലേക്ക് കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ്

161 [1375] *ശ്രീ. ടി. എൻ. പ്രതാപൻ:*
ശ്രീമതി മേഴ്സി രവി:
ശ്രീ. ലൂഡി ലൂയിസ്:
,, കെ. സുധാകരൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്തുന്ന എല്ലാ റൂട്ടിൽ നിന്നും ലാഭം കിട്ടുന്നുണ്ടോ;

(ബി) ലാഭം കിട്ടാത്ത റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ബസ് ഓടിക്കുന്നതിന്റെ പിന്നിലുള്ള തത്വം എന്തെന്ന് പറയുമോ;

(സി) തിരുനെല്ലിയിലേക്ക് കൽപ്പറ്റ, കണ്ണൂർ, കോഴിക്കോട്, മാനന്തവാടി എന്നീ സ്ഥലങ്ങളിൽനിന്നും കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ ആണ് ഇങ്ങനെ ചില സർവ്വീസുകൾ നടത്തേണ്ടിവരുന്നത്. പ്രത്യേകിച്ചു ദേശസാൽകൃത മേഖലയിൽ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ യാത്രാ സൗകര്യം പ്രദാനം ചെയ്യേണ്ടത് കെ. എസ്. ആർ. ടി. സി. യുടെ ചുമതലയാണ്. എങ്കിലും വളരെ കൂടുതൽ നഷ്ടം ഉണ്ടാകുന്ന സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കെ. എസ്. ആർ. ടി. സി. -ക്ക് ബുദ്ധിമുട്ടുണ്ട്.

(സി) പ്രധാനപ്പെട്ട യൂണിറ്റുകളിൽ നിന്നും തിരുനെല്ലിയിലേക്ക് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly